കേരള കൗമുദി
SINCE 1911
Trivandrum 08 Feb 2025

# സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലെത്തിക്കുക ലക്ഷ്യം:മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ പുനരുപയോഗ ഊർജ്ജ സ്രോതസുകളുടെ ഉപയോഗം വ്യാപകമാക്കുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്ററിന്റെ സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര ഊർജ്ജ മേള തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡി കാർബണൈസിംഗ് കേരള എന്ന പ്രമേയവുമായി നടക്കുന്ന മേള 9 വരെ തുടരും. കാർബൺ യൂട്രാലിറ്റിയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിന് സഹായകമാകുന്ന ചർച്ചകളും സെമിനാറുകളും പ്രദർശനങ്ങളുമാണ് നടക്കുന്നത്. ആദ്യദിനം 1000 വനിത സ്വയംസഹായ അംഗങ്ങൾക്ക് എൽ.ഇ.ഡി റിപ്പയറിംഗ് വർക്ക്ഷോപ്പ് നടത്തി. ഇ.എം.സി റിസോഴ്സ് പേഴ്സണായ സാബിറിന്റെ നേതൃത്വത്തിലാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. ഗ്രീൻ എനർജി വിഷയമാക്കി വിവിധ സ്ഥാപനങ്ങൾ നടത്തുന്ന എക്സിബിഷനും കാരയ്ക്കാമണ്ഡപം വിജയകുമാറിന്റെ നേതൃത്വത്തിൽ നടക്കുന്ന ചിത്രരചനയും മേളയുടെ ഭാഗമാണ്. സ്റ്റുഡൻസ് എനർജി കോൺഗ്രസിന്റെ ഭാഗമായി വിവിധ മത്സരങ്ങളും സമ്മാനദാനവും നടക്കും.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Trivandrum